പ്രധാനപ്പെട്ട എൻ.എച്ച്. 17-ന്റെ പണി പൂർത്തീകരിക്കപ്പെടുകയാണ്. അതുകൊണ്ട് ആ പാലം പണി പൂർത്തീകരിക്കുന്നതോടൊപ്പം എൻ.എച്ച്.17 സഞ്ചാര യോഗ്യമാക്കുന്നതിനാവശ്യമായ 9 കി.മീറ്റർ ദൂരം കൂടി ഏറ്റവും വേഗം അക്വിസിഷൻ പൂർത്തീകരിച്ച് 24 കി.മീറ്റർ റോഡിന്റെ പണി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രിക്കുവേണ്ടി ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) : സർ, മഹാരാഷ്ട്രയിലെ പനവേലിയിൽ നിന്നാരംഭിച്ച് ഇടപ്പള്ളിയിൽ അവസാനിക്കുന്ന എൻ.എച്ച് 17-ന്റെ മംഗലപുരം ഇടപ്പള്ളി ഭാഗത്ത് 18/50 തലപ്പാടി മുതൽ 438/827 ഇടപ്പള്ളിവരെ കേരളത്തിലൂടെ കടന്നുപോകുന്ന 420.8 കി.മീറ്റർ നീളത്തിൽ ഏകദേശം 22 കി. മീറ്റർ ദൂരം റോഡ് മാത്രമേ രണ്ടുവരി നിലവാരത്തിൽ നിർമ്മിച്ചിട്ടുള്ളൂ. ഏതാനും പാലങ്ങളുടെ പണി പൂർത്തിയാക്കിയിട്ടുണ്ട്. 413/800 മുതൽ 438/827 വരെയുള്ള ഭാഗമാണ് എറണാകുളം ജില്ലയിലൂടെ കടന്നുപോകുന്നത്. ഇതിൽ ചെറിയ പാലത്തിന്റെ പണി പൂർത്തിയാക്കിയിട്ടുണ്ട്. മൂത്തകുന്നം, വരാപ്പുഴ എന്നീ പാലങ്ങളുടെ പണി നടന്നുകൊണ്ടിരിക്കുന്നു. മൂത്തകുന്നം മുതൽ ചെറിയപള്ളി വരെ ഭൂമി ഏറ്റെടുക്കൽ നടപടി പൂർത്തിയായിട്ടുണ്ട്. ചെറിയപള്ളി പാലത്തിന്റെ അപ്രോച്ച് റോഡിന്റെ ഭൂമി ഏറ്റെടുക്കൽ നടപടി നടന്നുവരുന്നു. അവിടെ ഇടപ്പള്ളിവരെ പാലവും അപ്രോച്ച് റോഡും ഒഴിച്ച് ഭൂമി ഏറ്റെടുക്കുന്നതിനുള്ള 13.29 കോടി രൂപയുടെ എസ്റ്റിമേറ്റ് കേന്ദ്ര ഉപരിതല വകുപ്പിന് അനുമതിക്കായി അയച്ചിട്ടുണ്ട്. കേന്ദ്ര ഉപരിതല വകുപ്പ് അനുമതിയും ഫണ്ടും നൽകുന്ന മുറയ്ക്കാണ് സംസ്ഥാന പൊതുമരാമത്ത് വകുപ്പിന്റെ ദേശീയ പാതാ വിഭാഗം പണികൾ ഏറ്റെടുത്ത് നടത്തുന്നത്.

(9) ഷോപ്പിംഗ് കോപ്ലക്സുകൾ വാടകയ്ക്ക് നൽകുമ്പോൾ പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് 10% സംവരണം ഉറപ്പാക്കണമെന്ന ആവശ്യം

ശ്രീ. പി. കെ. കുമാരൻ : സർ, നമ്മുടെ സംസ്ഥാനത്തിന്റെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ദേവസ്വം ബോർഡ്, വികസന അതോറിറ്റികൾ തുടങ്ങിയിട്ടുള്ള സ്ഥാപനങ്ങൾ ഷോപ്പിംഗ് കോപ്ലക്സുകൾ നിർമ്മിച്ച് വാടകയ്ക്ക് കൊടുക്കുന്നുണ്ട്. ഇത്തരം ഷോപ്പിംഗ് കോംപ്ലക്സുകളിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആർക്കുംതന്നെ മുറികൾ കൊടുക്കുന്നില്ല. സമൂഹത്തിലെ സാമ്പത്തിക ശേഷിയുള്ളവരുമായി മൽസരിച്ച് വാടക കൊടുത്തും ഡെപ്പോസിറ്റ് കൊടുത്തും മുറിയെടുക്കാനുള്ള ശേഷി പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട ആളുകൾക്കില്ല. തിരുവനന്തപുരത്ത് ട്രിഡയിൽതന്നെ ഒരു മുറി ഒരാൾക്ക് അനുവദിച്ചു. പതിനയ്യായിരം രൂപ അടയ്ക്കുകയും ചെയ്തു. ബാക്കി ഡെപ്പോസിറ്റ് കൊടുക്കാത്തതിന്റെ ഫലമായി പതിനയ്യായിരം രൂപയുമെടുത്തു. ഇപ്പോൾ മുറിയുമില്ല. അതുകൊണ്ട് ഞാൻ വളരെ വിനയപൂർവ്വം അപേക്ഷിക്കുന്നത് മുകളിൽ പറഞ്ഞ സ്ഥാപനങ്ങൾ ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിച്ചുകൊടുക്കുമ്പോൾ പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് 10% മുറികൾ റിസർവ്വുചെയ്യുകയും അവർക്ക് ഡെപ്പോസിറ്റ് ഒഴിവാക്കിക്കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്യണമെന്നാണ്.

LIBRARY ARCHIVES Kerala Legislative Assembly

പിന്നോക്ക-പട്ടികസമുദായ ക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) : സർ, ലോക്കൽ ബോഡീസിന്റെ ഷോപ്പിംഗ് കോംപ്ലക്സിലും അതുപോലെ വികസന അതോറിറ്റികളിലെ ഷോപ്പിംഗ് കോംപ്ലക്സിലും പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് 10% സംവരണം ഏർപ്പെടുത്തിയിട്ടുണ്ട്. അതുസംബന്ധിച്ച് ഗവൺമെന്റിന്റെ ഉത്തരവും ഇറക്കിയിട്ടുണ്ട്. എന്നാൽ ചില സ്ഥലങ്ങളിൽ അത് പാലിക്കപ്പെടുന്നില്ലെന്നുള്ളത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചില സ്ഥലത്ത് വേണ്ടത്ര ആപ്ലിക്കൻസില്ലാത്തതുകൊണ്ട് കൊടുക്കാറില്ല. ആപ്ലിക്കൻസുണ്ടെങ്കിലും അത് ബിനാമി ഇടപാടിലൊക്കെ നടക്കുന്നുണ്ടായിരുന്നു. അത് ഒഴിവാക്കാൻവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതുപോലെ വികസന അതോറിറ്റികളിലും ഇതുപോലെതന്നെ ചെയ്യാറുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മറ്റൊരു കാര്യം ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചത് ദേവസ്വം ബോർഡിൽ ഇതുപോലുള്ള സംവരണം ഏർപ്പെടുത്തണമെന്നാണ്. ദേവസ്വം ബോർഡ് സ്വയംഭരണസ്ഥാപനങ്ങളാണ്. അവിടെ ഇത് എങ്ങനെ നടപ്പിലാക്കാൻ കഴിയുമെന്നുള്ളത് ദേവസ്വംബോർഡിലെ ആളുകളുമായി ബന്ധപ്പെട്ട് പരമാവധി അവിടെയുംകൂടി റൂമുകൾ കിട്ടാനുള്ള സൗകര്യങ്ങൾ ചെയ്ത് കൊടുക്കാൻ ഗവൺമെന്റ് ശ്രമിക്കുന്നത്.

(10) കുഴൽമന്ദം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : കുഴൽമന്ദം കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ നാഷണൽ ഹൈവേയോട് ചേർന്നു കിടക്കുന്ന ആരോഗ്യ കേന്ദ്രമാണ്. ധാരാളം അത്യാഹിതങ്ങൾ ദിവസവും ഉണ്ടായിക്കൊണ്ടിരിക്കുന്ന ഒരു മേഖലയാണ്. അതുകൊണ്ട് തന്നെ പ്രസ്തുത സെന്ററിൽ ഒരു ട്രോമാകെയർ യൂണിറ്റ് ആരംഭിച്ച് എത്രയും വേഗം ആവശ്യമായ സ്റ്റാഫിനെയും അനുവദിക്കണം. അതുപോലെതന്നെ അത്യാഹിത വിഭാഗം ആരംഭിക്കണം. നിർബന്ധമായിട്ടും ആമ്പുലൻസ് അനുവദിക്കണം. ഓപ്പറേഷൻ തീയേറ്ററും ലാബറട്ടറിയും തുടങ്ങണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി. സി. കബീർ) : സർ, എൻ.എച്ച്.47-ന്റെ സമീപത്തു കിടക്കുന്ന ഒരാശുപത്രിയാണ് ഇത്. അവിടെ 50701 പേർക്ക് കഴിഞ്ഞ വർഷം ഒ.പി.യിൽ ചികിൽസ നൽകുകയുണ്ടായി. 4334 പേർക്ക് ഐ. പി. ചികിൽസ നൽകുകയുണ്ടായി. അവിടെ ഒ. പി. ബ്ലോക്കുണ്ട്. സ്ത്രീകൾക്കും പുരുഷമാർക്കും സർജറിക്ക് ആവശ്യമായ വാർഡുണ്ട്. സ്റ്റാഫിന്റെ ചില കുറവ് കാണുന്നുണ്ട്. രണ്ട് സിവിൾ സർജർമാരും 5 അസിസ്റ്റന്റ് സർജൻമാരും അടക്കം 22 ജീവനക്കാരാണ് സേവനം അനുഷ്ഠിച്ചിരുന്നത്. അവിടെ 2 സർജൻമാരുടെയും, 2 ഹോസ്പിറ്റൽ അറ്റന്റർമാരുടെയും, ലാബ് ടെക്നീഷ്യന്റെയും ഒഴിവുകൾ നികത്താനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ട്രോമോ കെയർ സെന്റർ തുടങ്ങുന്നതിനെ സംബന്ധിച്ച് ഇപ്പോൾ പെട്ടെന്ന് മറുപടി പറയാൻ അസൗകര്യമുണ്ട്. അവിടെ ധാരാളം അപകടങ്ങൾ നടക്കുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതുകൊണ്ട് അവിടെ ആമ്പുലൻസ് കൊടുക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly